**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033

ഫോൺ/ഫാക്സ് : 0471-2305318/0471-2305317

ഇ-മെയിൽ: ecostatdir@gmail.com

Website:www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(സാന്നിധ്യം: അനിൽ കുമാർ കെ.ബി, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ)**

**(സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ അധിക ചുമതല)**

വിഷയം :- ഡിഇഎസ്- ജീവനക്കാര്യം- ശ്രീമതി. പ്രമീള ആർ. (പെൻ : 778250), ഓഫീസ് അറ്റൻഡന്റ് (8 വർഷ ഹയർഗ്രേഡ്)- തസ്തിക മാറ്റം വഴി എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1) 03/01/2014 ലെ സ.ഉ. (പി) നമ്പർ 1/2024/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.

2) 19/07/2014 ലെ സ.ഉ. (പി) നമ്പർ 21/2024/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.

3) ഈ ഓഫീസിലെ 04/03/2026 ലെ ഡി ഇ എസ്/1017/2026- ഇ ബി 3 നമ്പർ ഉത്തരവ്.

4) ഈ ഓഫീസിലെ 06/03/2026 ലെ ഡി ഇ എസ്/90/2026-ജി ആർ സി നമ്പർ സീനിയോറിറ്റി ലിസ്റ്റ്.

**ഉത്തരവ് നമ്പർ:ഡിഇഎസ്/1123/2026- ഇ ബി 3; തീയതി: 09-03-2026**

പരാമർശം (3) ഉത്തരവ് പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസിലെ എൽ. ഡി. ടൈപ്പിസ്റ്റ് ശ്രീ. അനിൽ കുമാർ എൻ.പി. (പെൻ : 459246)-യ്ക്ക് യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീ. അനിൽകുമാർ എൻ.പി. (പെൻ : 459246) തസ്തികമാറ്റം വഴി ജോലിയിൽ പ്രവേശിച്ച ജീവനക്കാരനായതിനാൽ വകുപ്പിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ അനുപാതം നിലനിർത്തുന്നതിലേക്കായി പ്രസ്തുത ഒഴിവ് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നുള്ള തസ്തികമാറ്റം വഴി തന്നെ നികത്തേണ്ടതുണ്ട്.

പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേക്ക് അതതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും എൻടി കേഡറിലെ സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റ നിയമനം നൽകേണ്ടതുണ്ട്. ആയതിനാൽ ഓരോ

വകുപ്പിലും എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ കേഡർ സ്ട്രെങ്ത്തിന്റെ 10 ശതമാനം ഓഫീസ് അറ്റൻഡന്റ്-ന്റെ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി നിജപ്പെടുത്തേണ്ടതുണ്ട്.

എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ തസ്തികമാറ്റനിയമനത്തിനായി യോഗ്യരായ ജീവനക്കാരിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് (8 വർഷ ഹയർഗ്രേഡ്) ശ്രീമതി. പ്രമീള ആർ. (പെൻ : 778250) പരാമർശം (4) സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സീനിയർ ആണ്. ടിയാൾ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിരീക്ഷണകാലം പൂർത്തികരിച്ചിട്ടുള്ളതും വകുപ്പിൽ 3 വർഷ സേവനം പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

ടി സാഹചര്യത്തിൽ ശ്രീ. അനിൽകുമാർ എൻ.പി.-യ്ക്ക് സ്ഥാനക്കയറ്റം നൽകിയതിനെ തുടർന്ന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലുണ്ടായ ഒഴിവിലേക്ക് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് (8 വർഷ ഹയർഗ്രേഡ്) ശ്രീമതി. പ്രമീള ആർ. (പെൻ : 778250)-ന് സൂചന (1), (2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 26500-60700 ശമ്പള നിരക്കിൽ തസ്തിക മാറ്റം വഴി എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
ANIL KUMAR K B
Date: 09-03-2026
15:07:12

**SSO(EST) DES**

ശ്രീമതി. പ്രമീള ആർ. (പെൻ : 778250), ഓഫീസ് അറ്റൻഡന്റ് (8 വർഷ ഹയർഗ്രേഡ്)

പകർപ്പ് : - 1) ഡയറക്ടറുടെ സി.എ.

2) ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസ്, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.

3) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

4) ഗ്രഡേഷൻ സെൽ/വിജിലൻസ്

5) ഫയൽ/കരുതൽ ഫയൽ